REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-09-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **മാനവരാശിയുടെ വിജയം യുദ്ധക്കളത്തിലല്ല, കൂട്ടായ ശക്തിയിലാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **തൃശ്ശൂർ പൂരം അലങ്കോലമാക്കാൻ ശ്രമമുണ്ടായെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **രാജ്യത്താദ്യമായി എം പോക്സ് രോഗബാധയുടെ ക്ലേഡ് 1 B വകഭേദം കേരളത്തിൽ സ്ഥിരീകരിച്ചതായി കേന്ദ്ര ആരോഗ്യമന്ത്രാലയം.**
- **സംസ്ഥാനത്ത് എംപോക്സ് പ്രതിരോധത്തിനും ഫലപ്രദമായ ചികിത്സയ്ക്കുമായി പുതുക്കിയ മാർഗനിർദേശങ്ങൾ പുറത്തിറക്കുമെന്ന് മന്ത്രി വീണാ ജോർജ്.**
- **മലപ്പുറം ജില്ലയിൽ വൈദ്യുതി വിതരണമേഖലയിലെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് പ്രത്യേക പാക്കേജ് നടപ്പാക്കുമെന്ന് മന്ത്രി കെ കൃഷ്ണൻ കുട്ടി.**
- **ISL ഫുട്ബോളിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റിന് ജയം.**

## വാർത്തകൾ വിശദമായി

മാനവരാശിയുടെ വിജയം യുദ്ധക്കളത്തിലല്ല, കൂട്ടായ ശക്തിയിലാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ആഗോള ഭാവിയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, മാനുഷിക കേന്ദ്രീകൃത സമീപനത്തിനാണ് നാം മുൻഗണന നൽകേണ്ടതെന്നും പ്രധാനമന്ത്രി പറഞ്ഞു. ഐക്യരാഷ്ട്രസഭയുടെ

പൊതുസഭയിൽ ഭാവി ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

**ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ**

**.....വോയ്സ്......**

ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചർ ഒരു പാലമാകണമെന്നും തടസ്സമാകരുതെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ആഗോള നന്മയ്ക്കായി ഇന്ത്യ ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചർ പങ്കിടാൻ തയ്യാറാണ്.

സാങ്കേതികവിദ്യയുടെ സുരക്ഷിതവും ഉത്തരവാദിത്തപൂർണവുമായ ഉപയോഗത്തിന് ബാലൻസ് നിയന്ത്രണം ആവശ്യമാണ്. പരമാധികാരവും അഖണ്ഡതയും നിലനിൽക്കാത്ത ആഗോള ഡിജിറ്റൽ ഭരണമാണ് ലോകം ആഗ്രഹിക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

ഒരു വശത്ത് ഭീകരവാദം ആഗോള സമാധാനത്തിനും സുരക്ഷയ്ക്കും ഗുരുതരമായ ഭീഷണിയായി തുടരുകയാണ്. മറുവശത്ത്, സൈബറും സമുദ്രവും ബഹിരാകാശവും പുതിയ സംഘട്ടന വേദികളായി ഉയർന്നുവരുന്നു. ഈ വിഷയങ്ങളിലെല്ലാം, ആഗോള പ്രവർത്തനം ആഗോള അഭിലാഷവുമായി പൊരുത്തപ്പെടണമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

സുസ്ഥിര വികസനത്തിന് മുൻഗണന നൽകുമ്പോൾ, മനുഷ്യക്ഷേമം, ഭക്ഷണം, ആരോഗ്യ സുരക്ഷ എന്നിവയും നാം ഉറപ്പാക്കണം. ഇന്ത്യയിലെ 250 ദശലക്ഷം ആളുകളെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റുന്നതിലൂടെ, സുസ്ഥിര വികസനം വിജയകരമാകുമെന്ന് തെളിയിച്ചതായും മോദി അറിയിച്ചു. വിജയത്തിന്റെ അനുഭവങ്ങൾ ഗ്ലോബൽ സൗത്തുമായി പങ്കിടാൻ തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു.

ആഗോളസമാധാനവും വികസനനവുമുറപ്പാക്കാൻ അന്താരാഷ്ട്ര സംഘടനകൾ പരിഷ്കരിക്കണമെന്നും പ്രധാനമന്ത്രി ആവശ്യപ്പെട്ടു.
ഇന്ത്യയെ സംബന്ധിച്ചിടത്തോളം 'ഒരു ഭൂമി ഒരു കുടുംബം ഒരു ഭാവി' എന്നത് ഒരു പ്രതിബദ്ധതയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

തൃശ്ശൂർ പൂരം അലങ്കോലമാക്കാൻ ശ്രമമുണ്ടായെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തൃശ്ശൂരിൽ അഴീക്കോടൻ രാഘവൻ അനുസ്മരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

തൃശൂർ പൂരം സംബന്ധിച്ച റിപ്പോർട്ട് തനിക്ക് ഇന്ന് ലഭിക്കുമെന്നും റിപ്പോർട്ടിലെ വിവരങ്ങൾ അറിയില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

റിപ്പോർട്ട് ലഭിച്ചശേഷം പുറത്തുവിടും എന്നും അദ്ദേഹം പറഞ്ഞു. റിപ്പോർട്ട് കാണാതെയാണ് മാധ്യമങ്ങൾ വാർത്ത റിപ്പോർട്ട് ചെയ്യുന്നത് എന്നും മാധ്യമങ്ങളെ വിമർശിച്ചുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞു.റിപ്പോർട്ടിൽ എന്താണെന്ന് മൂന്നാല് ദിവസം കാത്തിരുന്നാൽ മനസിലാകും. അപ്പോഴേക്കും ജനത്തിന്റെ മനസിൽ സംഭവിക്കാൻ പാടില്ലാത്ത കാര്യം അന്വേഷണത്തിലും സംഭവിച്ചുവെന്ന വികാരം ജനിപ്പിക്കാനാണ് പ്രചാരണം നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിന് വിദേശകമ്പനികൾക്ക് സർവീസ് നടത്തുന്നതിന് പോയിന്റ് ഓഫ് കോൾ പദവി താമസിയാതെ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

പ്രധാനമന്ത്രിയുമായി ഈ വിഷയം ചർച്ചചെയ്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു കിയാലിന്റെ വാർഷിക പൊതുയോഗ ത്തിൽ ഓൺലൈനായി സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. കണ്ണൂരിൽ നിന്ന് സർവീസുകൾ വർധിപ്പിക്കുന്നതിന് വിമാന ക്കമ്പനികളുമായി ചർച്ച നടത്തി വരികയാണെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

രാജ്യത്താദ്യമായി എം പോക്സ് രോഗബാധയുടെ ക്ലേഡ് 1 B വകഭേദം കേരളത്തിൽ സ്ഥിരീകരിച്ചതായി കേന്ദ്ര ആരോഗ്യമന്ത്രാലയം അറിയിച്ചു.

UAE - ൽ നിന്നും കഴിഞ്ഞയാഴ്ച കേരളത്തിലെത്തിയ മലപ്പുറം സ്വദേശിയായ യുവാവിലാണ് വകഭേദം കണ്ടെത്തിയത്. യുവാവിന്റെ ആരോഗ്യനില തൃപ്തികരമാണെന്നും നിരീക്ഷണത്തിലാണെന്നും ആരോഗ്യ മന്ത്രാലയം അറിയിച്ചു. മങ്കിപോക്സ് അണുബാധ രണ്ട് മുതൽ നാലാഴ്ച വരെയാണ് നിലനിൽക്കുന്നതെന്നും മന്ത്രാലയം പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് എംപോക്സ് പ്രതിരോധത്തിനും ഫലപ്രദമായ ചികിത്സയ്ക്കുമായി പുതുക്കിയ മാർഗനിർദേശങ്ങൾ പുറത്തിറക്കുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. കേസുകൾ കൂടുകയാണെങ്കിൽ അതനുസരിച്ചു നടപടി സ്വീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

**ഡെസ്ക് റിപ്പോർട്ട്**

എല്ലാ ജില്ലകളിലും ഐസൊലേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി വീണാ ജോർജ്ജ് അറിയിച്ചു. വിമാനത്താവളങ്ങളിൽ ഉൾപ്പെടെ നിരീക്ഷണം ശക്തിപ്പെടുത്തി. നിലവിൽ 5 ലാബുകളിൽ പരിശോധാ സൗകര്യമൊരുക്കിയിട്ടുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ ലാബുകളിൽ പരിശോധനാ സൗകര്യങ്ങളൊരുക്കും. മറ്റ് രാജ്യങ്ങളിൽ നിന്നും എത്തുന്നവർ ഉൾപ്പെടെ രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കുകയും ചികിത്സ തേടുകയും വേണം. ഗവൺമെന്റ്, സ്വകാര്യ ആശുപത്രികളിൽ എംപോക്സ് ലക്ഷണവുമായി എത്തുന്നുണ്ടെങ്കിൽ ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കണമെന്നും മന്ത്രി നിർദേശം നൽകി.

ഇടവിട്ട മഴ തുടരുന്നതിനാൽ പലതരം പകർച്ച പനികൾ തുടരുകയാണ്. ഡെങ്കിപ്പനി, എലിപ്പനി, H1 N1 ഇൻഫ്ളുവൻസ, മലേറിയ, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾ കാണുന്നുണ്ട്. നീണ്ട് നിൽക്കുന്ന പനിയാണെങ്കിൽ വിദഗ്ധ ചികിത്സ തേടി ഏത് പനിയാണെന്ന് തിരിച്ചറിഞ്ഞ് ചികിത്സ ഉറപ്പാക്കണമെന്നും മന്ത്രി പറഞ്ഞു.

✪✪✪

നിപ രോഗബാധയുമായി ബന്ധപ്പെട്ട് ഒരാളുടെ പരിശോധനാ ഫലം കൂടി നെഗറ്റീവായതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. ഇതു വരെ 79 പരിശോധനാ ഫലങ്ങളാണ് നെഗറ്റീവായത്. ഇന്നലെ പുതുതായി ആരെയും സമ്പർക്ക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

കാസർകോട് സ്വദേശിയായ യുവാവ് മരണപ്പെട്ടത് അമീബിക് മസ്തിഷ്ക ജ്വരത്തെ തുടർന്നാണെന്ന് സ്ഥിരീകരിച്ചിട്ടില്ലെങ്കിലും രോഗത്തിനെതിരെ ജാഗ്രത പാലിക്കണമെന്ന് കാസർകോട് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ വി രാംദാസ് അറിയിച്ചു.

**കൂടുതൽ വിവരങ്ങളുമായി കാസർകോട് ജില്ലാ പ്രതിനിധി**

**പി. ജഗന്നിവാസൻ.**

**....വോയ്സ്.......**

✪✪✪

ജില്ലയിലെ വൈദ്യുത വിതരണ മേഖലയിലെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് മലപ്പുറം പാക്കേജ് എന്ന പേരിൽ പ്രത്യേക പാക്കേജ് നടപ്പാക്കുമെന്ന് മന്ത്രി K. കൃഷ്ണൻ കുട്ടി അറിയിച്ചു. തിരൂരിനടുത്ത വെങ്ങാലൂരിൽ കെ.എസ്.ഇ.ബി സ്ഥാപിക്കുന്ന 220 KV സബ്സ്റ്റഷന്റെ നിർമാണോദ്ഘാടനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. 2032 ഓടെ പൂർത്തിയാകുന്ന രീതിയിൽ ദീർഘകാല പദ്ധതിയാണ് മലപ്പുറം പാക്കേജിന്റെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

✪✪✪

മലപ്പുറം ജില്ലയിലെ വേനൽക്കാലത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ അടുത്ത വേനലിനു മുമ്പ് തന്നെ നടപടികൾ പൂർത്തിയാക്കാൻ മന്ത്രി V. അബ്ദുറഹിമാൻ KSEB ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. വൈദ്യുതി വിതരണത്തിലെ പോരായ്മകൾ ഇല്ലാതാക്കാൻ സമയബന്ധിതമായ നടപടി വേണമെന്ന് ജില്ലയിലെ വൈദ്യുതി വിതരണ - പ്രസരണ പദ്ധതികളുമായ അവലോകന യോഗത്തിൽ ഓൺലൈനായി പങ്കെടുത്ത മന്ത്രി പറഞ്ഞു. അടുത്ത വേനലിൽ ജില്ലയിലെ വിതരണ ശൃംഖല ഓഫാക്കേണ്ടി വരുന്ന സാഹചര്യമുണ്ടാകില്ലെന്ന് KSEB ഉദ്യോഗസ്ഥർ യോഗത്തിൽ ഉറപ്പു നൽകി.

ജില്ലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനു മലപ്പുറം പാക്കേജ് ഘട്ടംഘട്ടമായി നടപ്പാക്കുന്നതിനു നടപടി ത്വരിതപ്പെടുത്താൻ യോഗം തീരുമാനിച്ചു.

✪✪✪

ISL ഫുട്ബോളിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റിന് ജയം. കൊൽക്കത്തയിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്കാണ് മോഹൻ ബഗാൻ തോൽപ്പിച്ചത്.

അടുത്ത മത്സരം നാളെയാണ്. ന്യൂഡൽഹിയിൽ വൈകിട്ട് ഏഴരയ്ക്ക് പഞ്ചാബ് FC, ഹൈദരാബാദ് FC യെ നേരിടും.

✪✪✪

കോട്ടയം കുമരകം കൈപ്പുഴമുട്ടിൽ കാർ വെള്ളത്തിൽ വീണ് രണ്ട് പേർ മരിച്ചു, കൊട്ടാരക്കര സ്വദേശിയും, മഹാരാഷ്ട്ര താനേയിൽ സ്ഥിര താമസക്കാരനുമായ ജയിംസ് ജോർജ് സുഹൃത്തായ മഹാരാഷ്ട്ര താനേ സ്വദേശി സാലി രാജേന്ദ്ര സർജി എന്നിവരാണ് മരിച്ചതെന്നാണ് വിവരം.

വഴി തിരച്ചറിയാൻ കഴിയാതെ കാർ വെള്ളത്തിൽ വീണതാണ് അപകട കാരണമെന്നാണ് സംശയിക്കുന്നത്.

✪✪✪

പ്രൊഡക്ഷൻ കൺട്രോളർ ഷാനു ഇസ്മൈലിനെ കൊച്ചിയിലെ ഹോട്ടലിൽ മരിച്ച നിലയിൽ കണ്ടെത്തി. ഈ മാസം 11നാണ് ഷാനു ഹോട്ടലിൽ മുറിയെടുത്തത്. ഇയാൾക്കെതിരെ തിരുവനന്തപുരം സ്വദേശിയായ നടി പീഡന പരാതി നൽകിയിരുന്നു.

✪✪✪

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാന ഗവൺമെന്റ് ഒട്ടനവധി പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അതിന്റെ ഗുണഫലങ്ങൾ അടിസ്ഥാന ജനവിഭാഗങ്ങൾക്കിടയിൽ കണ്ടുതുടങ്ങിയതായും മന്ത്രി OR കേളു പറഞ്ഞു. അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം കോഴിക്കോട് കോട്ടൂർ ഗ്രാമപഞ്ചായത്തിലെ തിയ്യക്കണ്ടി മീത്തൽ നഗറിൽ ഒരു കോടി രൂപയുടെ സമഗ്ര വികസന പദ്ധതി പ്രവൃത്തി ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക, തൊഴിൽ മേഖലകളിലുൾപ്പെടെ ഈ മാറ്റം പ്രകടമാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് തടസ്സമില്ലാത്ത റോഡ് ശൃംഖല നിർമിക്കുകയാണ് ഗവൺമെന്റ് ലക്ഷ്യമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് അറിയിച്ചു. താനൂർ നിയോജക മണ്ഡലത്തിലെ തെയ്യാല - ദേവധാർ ബൈപാസ് റോഡിന്റെ ആദ്യ ഘട്ട പ്രവൃത്തി ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

മനുഷ്യന്റെ പ്രശ്നം കൂടി മനസ്സിലാക്കി വനം-വന്യജീവി വകുപ്പിനെ കൂടുതൽ മനുഷ്യ സൗഹൃദമാക്കാൻ ഗവൺമെന്റിന് കഴിഞ്ഞതായി മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു.

നിലമ്പൂർ നോർത്ത്, സൗത്ത് ഡിവിഷനുകളുടെ പരിധിയിൽ പണിപൂർത്തീകരിച്ച വിവിധ ഓഫീസുകളുടെയും പദ്ധതികളുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

എല്ലാ സബ് രജിസ്ട്രാർ ഓഫീസുകൾക്കും സ്വന്തം കെട്ടിടമുള്ള ആദ്യത്തെ ജില്ലയായി കാസർകോട് മാറിയെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. ഉദുമ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എന്റെ ഭൂമി പോർട്ടൽ യാഥാർത്ഥ്യമാകുന്നതോടെ രേഖകൾ സംബന്ധിച്ച പ്രവർത്തനങ്ങൾ വേഗത്തിലാകു മെന്നും മന്ത്രി പറഞ്ഞു.

✪✪✪

പരിസ്ഥിതി ലോല പ്രദേശങ്ങളെക്കുറിച്ച് അന്തിമ റിപ്പോർട്ടിന് നിർദേശം സമർപ്പിക്കാൻ തിയതി നീട്ടി നൽകാനും അപാകതകൾക്ക് പരിഹാരം തേടി കോടതിയെ സമീപിക്കാനും MK രാഘവൻ MP യുടെ അധ്യക്ഷതയിൽ കോഴിക്കോട്ട് ചേർന്ന ജനപ്രതിനിധികളുടെയും സംഘടനാ ഭാരവാഹികളുടെയും യോഗം തീരുമാനിച്ചു. നിലവിലെ കരട് വിജ്ഞാപനത്തിന്റെ കാലാവധി ദിവസങ്ങൾക്കകം തീരുന്ന സാഹചര്യത്തിൽ പ്രശ്നങ്ങൾ പഠിച്ചു നിർദേശം സമർപ്പിക്കാൻ സാധ്യമല്ലാത്തതിനാൽ ആറ് മാസം കൂടി കാലാവധി ആവശ്യപ്പെടുമെന്ന് MK രാഘവൻ പറഞ്ഞു.

✪✪✪

അടുത്ത വർഷത്തെ ഹജ്ജിന് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് അവസാന തിയ്യതി ഈ മാസം 30 വരെ നീട്ടിയതായി കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചു.

ഇതുവരെ സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന 18,835 ഓൺലൈൻ അപേക്ഷകളാണ് ലഭിച്ചത്.

✪✪✪

സംസ്ഥാനത്ത് ഇന്ന് പരക്കെ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. കനത്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

കേരള - കർണ്ണാടക തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനു സാധ്യതയുണ്ടെന്നും മീൻപിടിത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാവകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

കാസർഗോഡ് ജില്ലയിലെ മുതിർന്ന സ്വാതന്ത്ര്യ സമര സേനാനിയും പ്രമുഖ സഹകാരിയുമായ - K V നാരായണനെ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ആദരിച്ചു.

പടന്നക്കാട്ടെ അദ്ദേഹത്തിന്റ വസതിയിൽ എത്തിയാണ് മന്ത്രി ആദരിച്ചത്.

✪✪✪